Internal Media Cell
35th National Games, Kerala
National Games Organising Committee
Chandrasekharan Nair Stadium
Palayam, Thiruvananthapuram
PIN - 695 034, India
Ph: 0471 - 2302287
Fax: 0471 - 2302267
www.kerala2015.com
35thngskerala@gmail.com

നാഷണല്‍ ഗെയിംസ്;

# ടെന്നീസ് കോംപ്ലക്സ് ഉദ്ഘാടനം നാളെ

## സമര്‍പ്പിക്കുന്നത് രാമനാഥന്‍ കൃഷ്ണന്‍

തിരുവനന്തപുരം; 12 ജനുവരി 2015: നാഷണല്‍ ഗെയിംസിലെ ടെന്നീസ് മത്സരങ്ങള്‍ക്കായി തയ്യാറാകുന്ന കുമാരപുരം ടെന്നീസ് കോംപ്ലക്സിന്റെ ഉദ്ഘാടനം നാളെ. അന്താരാഷ്ട്ര നിലവാരത്തില്‍ കുമാരപുരത്ത് നിര്‍മ്മിച്ച ഈ കോംപ്ലക്സ് ടെന്നീസ് ഇതിഹാസം ശ്രീ. രാമനാഥന്‍ കൃഷ്ണന്‍ ബുധനാഴ്ച്ച കായിക കേരളത്തിനു സമര്‍പ്പിക്കും. ഗെയിംസ് വേളയില്‍ രാമനാഥന്‍ കൃഷ്ണന്‍ പ്ലാസ എന്ന പേരില്‍ അറിയപ്പെടുന്ന സ്റ്റേഡിയം അദ്ദേഹം തന്നെ ഉദ്ഘാടനം ചെയ്യുന്ന ഒരു അസുലഭ മുഹൂര്‍ത്തത്തിനാണ് അനന്തപുരി സാക്ഷ്യം വഹിക്കുക.

മൂന്ന് പരിശീലന കോര്‍ട്ടുകളും ഒരു പ്രധാന കോര്‍ട്ടും ഉള്‍ക്കൊള്ളുന്ന കുമാരപുരം ടെന്നീസ് കോംപ്ലക്സിന്റെ നിര്‍മ്മാണം 2.64 കോടി രൂപ ചെലവിട്ടാണ് പൂര്‍ത്തിയാക്കിയത്. 36 മീറ്റര്‍ വീതം വീതിയുള്ള ഗ്യാലറികളില്‍ 700ല്‍ അധികം കാണികളെ ഉള്‍ക്കൊള്ളാന്‍ കഴിയുന്ന കോംപ്ലക്സ് പുനരുപ യോഗിക്കാവുന്ന തരത്തില്‍ ഉന്നത നിലവാരമുള്ള പ്രീഫാബ്രിക്കേറ്റഡ് വസ്തുക്കള്‍ ഉപയോഗിച്ചാണ് നിര്‍മ്മിച്ചിരിക്കുന്നത്. ടര്‍ക്കിയിലെ ഇസ്താം ബുളില്‍ നിന്നും ഇറക്കുമതി ചെയ്ത ലോകോത്തര നിലവാരത്തിലുള്ള സിന്തറ്റിക് ടര്‍ഫാണ് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. കാറ്റഗറി-3 വിഭാഗ ത്തില്‍പ്പെടുന്ന മെച്ചപ്പെട്ട അക്രിലിക്ക് നാനോ ക്യുഷന്‍ സിസ്റ്റമാണ് കോര്‍ട്ടിന്റെ പ്രതലത്തില്‍ വിരിച്ചിരിക്കുന്നത്.



കളിക്കളങ്ങളിലെ അതുല്യമായ സംഭാവനകൾ മുൻനിർത്തി രാമനാഥൻ കൃഷ്ണനെ ട്രിവാൻഡ്രം ടെന്നീസ് ക്ലബ് ഓണററി മെമ്പർഷിപ്പ് നൽകി ആദരിക്കും.

1954ൽ വിംബിൾഡൺ ജൂനിയർ ചാംപ്യൻ പട്ടം കരസ്ഥമാക്കിയ ശ്രീ. രാമനാഥൻ കൃഷ്ണൻ വിംബിൾഡൺ ബോയ്സ് സിംഗിൾസ് കിരീടം നേടുന്ന ആദ്യ ഏഷ്യൻ താരം കൂടിയാണ്. 1960ലും 1961ലും തുടർച്ചയായി വിംബിംൾഡൺ പുരുഷ സെമിഫൈനലിസ്റ്റായ ശ്രീ. കൃഷ്ണൻ ലോക ടെന്നീസ് റാങ്കിംഗിൽ ആദ്യ അഞ്ചു സ്ഥാനങ്ങളിൽ ഉൾപ്പെട്ട ഏക ഭാരതീയനും കൂടിയാണ്. നിരവധി അന്തർ ദേശീയ നേട്ടങ്ങൾക്കു പുറമേ ഡേവിസ് കപ്പ് ടൂർണമെന്റിലെ 69 സിംഗിൾസ് മത്സരങ്ങളിൽ നിന്നായി 50 വിജയങ്ങളും വിഖ്യാത ടെന്നീസ് താരം ജെയ്ദീപ് മുഖർജിയോടൊപ്പമുള്ള കൂട്ടുകെട്ടിൽ 29 ഡബിൾസ് മത്സരങ്ങളിൽ നിന്ന് 19 വിജയങ്ങളും അദ്ദേഹം തന്റെ പേരിൽ ചേർത്തു വച്ചു. അദ്ദേഹത്തെ തേടി പത്മഭൂഷൺ (1967), പത്മശ്രീ (1962). അർജുന (1961) തുടങ്ങി നിരവധി അംഗീകാരങ്ങളുമെത്തിയിട്ടുണ്ട്.

നാഷണൽ ഗെയിംസിലെ ടെന്നീസ് പരിശീലനത്തിനായി 2.09 കോടിരൂപ ചെലവിൽ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയായ ട്രിവാൻഡ്രം ടെന്നീസ് ക്ലബും ഉദ്ഘാടനത്തിന് ഒരുങ്ങിക്കഴിഞ്ഞു. ഗെയിംസിനെത്തുന്ന താരങ്ങൾക്ക് ദൈനം ദിനം ടെന്നീസ് പരിശീലനത്തിന് ഈ ക്ലബ് ഉപയോഗപ്പെടുത്താവുന്നതാണ്.

ടെന്നീസ് ക്ലബിലെ പുതുതായി നിർമ്മിച്ച പരിശീലന കോർട്ടുകളുടെ ഉദ്ഘാടനം ജനുവരി 23ന് ബഹു. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നിർവ്വഹിക്കും.